# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5408** | **31/10/2016-ൽ മറുപടിക്ക്**

### മരുന്നു പരിശോധന കാര്യക്ഷമമാക്കുന്നതിനായി നടപടി

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**
**,, ജി.എസ്.ജയലാൽ**
**,, ഇ.ടി. ടൈസൺ മാസ്റ്റർ**
**,, എൽദോ എബ്രഹാം**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

**എ)** കേരളത്തിൽ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന ലാബുകളുടെ എണ്ണം കുറവായതിനാൽ പരിശോധനകൾ ശരിയായ വിധത്തിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മരുന്ന് പരിശോധന കാര്യക്ഷമമാക്കുന്നതിനായി. പുതിയ ലാബുകൾ തുടങ്ങുന്നത് ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

**എ)** ഉണ്ട്.
നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം. എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന മരുന്ന് പരിശോധനാ ലബോറട്ടറികളാണ് ഉള്ളത്. ഇവിടെ പ്രതിവർഷം 8000-ഓളം മരുന്നു സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 4% - ത്തിൽ താഴെ മാത്രമാണ് വരുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇവ കൂടി പ്രാബല്യത്തിലാകുന്നതോടുകൂടി കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്നു ബ്രാൻഡുകളുടെ ഏകദേശം 10% സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ബി)** ഡ്രഗ്സ് കൺട്രോൾ വിഭാഗം എടുക്കുന്ന മിക്കവാറും കേസുകളിലും തീരെ ചെറിയ പിഴ ഒടുക്കി കേസിൽ നിന്ന് ഒഴിവാക്കുന്ന അവസ്ഥാ വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ ഫലപ്രദമായ

**ബി)** ഗുണനിലവാരം കുറഞ്ഞ മരുന്നുകളെ Minor/Major defects കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ major ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്ക് എതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സമയബന്ധിതമായി അന്വേഷണം

➡

| | | |
|---|---|---|
| സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നിയമലംഘനങ്ങൾ നടത്തുന്ന നിർമ്മാതാക്കൾക്കെതിരെ കേന്ദ്ര-നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന പിഴയോ, തടവോ പോലെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നത് ബഹു. കോടതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായാണ്. Minor defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന നിർമ്മാതാക്കളോട് വിശദീകരണം ആവശ്യ-പ്പെടുകയും തുടർ അന്വേഷണം നടത്തി ഇവർക്ക് എതിരെ ലൈസൻസ് സസ്പെൻഷൻ, കാൻസലേഷൻ ഉൾപ്പെടെ-യുള്ള വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു. |

Seena

**സെക്ഷൻ ഓഫീസർ**